**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **10-08-2023 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്ക് കീഴിൽ ഡയാലിസിസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡുകൾക്ക് കീഴിൽ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിനു കീഴിലെ ശ്രീ കാടാമ്പുഴ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ഒരു ഡയാലിസിസ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 10 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇത് 50 യൂണിറ്റുകളായി ഉയർത്തും. ഭാവിയിൽ കിഡ്നി രോഗ ചികിത്സയുടെ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്ന സ്പെഷ്യാലിറ്റി ആശുപത്രിയായി വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>ഗുരുവായൂർ ദേവസ്വത്തിന് കീഴിൽ ശ്രീ സത്യസായി ട്രസ്റ്റുമായി സഹകരിച്ച് "നവജീവനം ഡയാലിസിസ് സെൻറർ" എന്ന പേരിൽ ഒരു ഡയാലിസിസ് കേന്ദ്രം ബ്രഹ്മകുളത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | ഏതൊക്കെ ബോർഡുകൾക്ക് കീഴിലാണ് ഡയാലിസിസ് സെന്റർ ആരംഭിച്ചിട്ടുള്ളത്; | (ബി) | മലബാർ ദേവസ്വം ബോർഡിനു കീഴിലെ ശ്രീ കാടാമ്പുഴ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ഒരു ഡയാലിസിസ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 10 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇത് 50 യൂണിറ്റുകളായി ഉയർത്തും. ഭാവിയിൽ കിഡ്നി രോഗ ചികിത്സയുടെ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്ന സ്പെഷ്യാലിറ്റി ആശുപത്രിയായി വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>ഗുരുവായൂർ ദേവസ്വത്തിന് കീഴിൽ ശ്രീ സത്യസായി ട്രസ്റ്റുമായി സഹകരിച്ച് "നവജീവനം ഡയാലിസിസ് സെൻറർ" എന്ന പേരിൽ ഒരു ഡയാലിസിസ് കേന്ദ്രം ബ്രഹ്മകുളത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | മറ്റ് ബോർഡുകൾക്ക് കീഴിലും ഡയാലിസിസ് സെന്റർ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (സി) | കൊച്ചിൻ ദേവസ്വത്തിന് കീഴിൽ ഒരു ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിനു നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ